# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. രാജൻ എം.വി)

വിഷയം : തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. ഷംസുദ്ദീൻ വി.പി, ക്ലർക്ക്, തസ്വഭവ സെക്ഷൻ കതിരൂർ ഗ്രാമപഞ്ചായത്ത് - പൂർവതസ്തികയിൽ പുനഃസ്ഥാപിച്ച് ഉത്തരവാകുന്നു.

പരാമർശം : 1) സ.ഉ(പി)നം. 1/2014/ഉ.ഭ.പ.വ തീയതി 03.01.2014
2) സ.ഉ(പി)നം. 21/2014/ഉ.ഭ.പ.വ തീയതി 19.07.2014
3) ഈ കാര്യാലയത്തിലെ 08.11.2019-ലെ എ1-5300/2014/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
4) ശ്രീ. ഷംസുദ്ദീൻ വി.പി, 16.12.2019-ൽ സമർപ്പിച്ച അപേക്ഷ
5) തസ്വഭവ ഡിവിഷൻ കണ്ണൂർ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 16.12.2019-ലെ എ1-113/14 നമ്പർ കത്ത്

## ഉത്തരവ് നം . എ1-5300/2014/സിഇ/തസ്വഭവ (1) തീയതി 01.01.2020

ഈ വകുപ്പിലെ ക്ലർക്ക് തസ്തികയിൽ നിലവിൽ വരുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേയ്ക്ക്, ഈ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം നൽകുന്നതിന് പരാമർശം (1), (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ തസ്വഭവ സബ്ഡിവിഷൻ തൂണേരി ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷംസുദ്ദീൻ വി.പി-യ്ക്ക്, ക്ലർക്ക് തസ്തികയിൽ തസ്തികമാറ്റം അനുവദിച്ച് കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്ക്പഞ്ചായത്തിന് കീഴിലെ തസ്വഭവ സെക്ഷൻ കതിരൂർ ഗ്രാമപഞ്ചായത്തിൽ നിയമിച്ച് മേൽ പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടിയാൻ 04.12.2019 തീയതിയിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്.

ശ്രീ. ഷംസുദ്ദീൻ വി.പി, ക്ലർക്ക് മേൽ പരാമർശം (4) പ്രകാരം ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ, ക്ലർക്ക് തസ്തികയിലെ തസ്തികമാറ്റം റദ്ദ് ചെയ്ത് ടിയാനെ പൂർവ തസ്തികയായ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പുനഃസ്ഥാപിച്ച് കണ്ണൂർ ജില്ലാതല നിയമനത്തിൽ ഉൾപ്പെട്ട ജീവനക്കാരനായതിനാൽ കണ്ണൂർ ജില്ലയിലെ തസ്വഭവ സബ്ഡിവിഷൻ തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(മറുപുറം)

ക്ലർക്ക് തസ്തികയിലെ തസ്തികമാറ്റ നിയമനം മുഖേന ശമ്പളനിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ ടി ശമ്പളനിർണ്ണയം റദ്ദ് ചെയ്യേണ്ടതും, സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ടി ആനുകൂല്യങ്ങൾ ടിയാനിൽ നിന്നും വസൂലാക്കി ബന്ധപ്പെട്ട നിയന്ത്രണാധികാരി സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും, ആ വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

വ്യക്തിയ്ക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് : 1) എക്സി. എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ, കോഴിക്കോട് / കണ്ണൂർ
2) അസി. എക്സി. എഞ്ചിനീയർ, തസ്വഭവ സബ്ഡിവിഷൻ, തൂണേരി / പാനൂർ ബ്ലോക്ക്പഞ്ചായത്ത്
3) സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്
4) എ2 സെക്ഷൻ / കരുതൽ ഫയൽ

P 1375